# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3685

19/02/2013 - ൽ മറുപടിക്ക്

## കായൽ - നദീജല മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| എ) | കായലുകളിലെയും നദികളിലെയും മത്സ്യസമ്പത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) | കായലുകളിലും നദികളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും, മത്സ്യ നശീകരണ പ്രവണതകളെ ചെറുക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ബി) കായലുകളിലും നദികളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സാമൂഹ്യ മത്സ്യകൃഷി പദ്ധതി എല്ലാ ജില്ലകളിലും മത്സ്യകർഷക വികസന ഏജൻസി മുഖാന്തിരം നടപ്പാക്കി വരുന്നു. അമിത ചൂഷണവും വിനാശകരമായ മത്സ്യബന്ധന രീതികളെയും നിരുൽസാഹപ്പെടുത്തുന്നതിലേയ്ക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഇത്തരം രീതികൾ തടയുന്നതിന് കായലുകളിൽ പട്രോളിംഗും നടത്തി വരുന്നു. ഇതിനു പുറമെ കണ്ണി വലിപ്പം കുറഞ്ഞ വലകൾ ഉപയോഗിക്കരുതെന്ന് മത്സ്യത്തൊഴിലാളികൾക്ക് നിർദ്ദേശവും നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ.